(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(എഫ്) 2011-ൽ സർക്കാർ വ്യവസായ സംരംഭത്തിനുവേണ്ടി ഏറ്റെടുത്ത ഭൂമി അന്യാധീനപ്പെടാതെ വ്യവസായങ്ങൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചേലക്കര മണ്ഡലത്തിൽ വരവൂരിൽ വ്യവസായ പാർക്ക് തുടങ്ങുന്നതിനായി 8.55 ഏക്കർ സ്ഥലം 1.94 കോടി രൂപയ്ക്ക് 2013 - ൽ ഏറ്റെടുത്തിട്ടുണ്ട്. ഈ വ്യവസായ പ്ലോട്ട് വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ Micro Small Enterprises - Cluster Development Programme (MSE-CDP) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ 10 കോടി രൂപയാണ് വ്യവസായ പ്രദേശത്തിന്റെ നവീകരണത്തിന് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 60% കേന്ദ്ര വിഹിതമാണ്. വരവൂരിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് 3 ലക്ഷം രൂപ കെ-ബിപ്പിന് നൽകുകയും, കെ -ബിപ്പ് പദ്ധതി രേഖ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തോടെ കേന്ദ്ര ഗവൺമെന്റിന് നൽകിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ച്, തുക ലഭിക്കുന്ന മുറയ്ക്ക് വരവൂർ വ്യവസായ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(ഡി&ഇ) ഇല്ല.

(എഫ്) വ്യവസായ പാർക്കിനായി ഏറ്റെടുത്ത സർക്കാർ ഭൂമി വ്യാവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നതാണ്.

വ്യവസായ മേഖലയിലെ നിക്ഷേപം

155(2144) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ വ്യവസായ മേഖലയിലെ വിവിധ പദ്ധതികൾക്കായി ഏതെല്ലാം സർക്കാർ, സർക്കാരിതര ഏജൻസികൾ എത്ര തുക വീതം നിക്ഷേപിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികൾക്കായി

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ/സർക്കാരിതര ഏജൻസികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നടത്തിയ നിക്ഷേപ വിവരങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു.*

ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ മേഖലയിലെ വിവിധ പദ്ധതികൾ സ്ഥാപിക്കുന്നതിനായി നാളിതുവരെ കെ.എസ്.ഐ.ഡി.സി. മുഖേന നിക്ഷേപിച്ച തുകയുടെ വിവരങ്ങൾ വർഷം തിരിച്ച് താഴെ കൊടുത്തിരിക്കുന്നു.

(തുക ലക്ഷത്തിൽ)

വർഷം	Project cost നിക്ഷേപിച്ച തുക
2011-12	1,25,492.88
2012-13	2,17,282.00
2013-14	15,238.00
2014-15	23,257.45
2015-16	...
ആകെ	3,81,270.33

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കിൻഫ്രയുടെ വിവിധ പദ്ധതികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം -II ആയി ചേർക്കുന്നു.*

വ്യവസായ വകുപ്പിൽ പ്രൊമോഷൻ ലഭിക്കാത്ത ജീവനക്കാർ

156(2145) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യവസായ വകുപ്പിൽ ഡി.പി.സി. ലിസ്റ്റ് ഇല്ലെന്ന കാരണത്താൽ 2014-ൽ വിവിധ തസ്തികകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരിൽ പ്രൊമോഷൻ ലഭിക്കാതെ പിരിഞ്ഞുപോയവർ എത്രയെന്ന് തസ്തിക തിരിച്ച് വിവരം നൽകാമോ ?

ഉത്തരം

ഡി.പി.സി. ലിസ്റ്റ് ഇല്ലെന്ന കാരണത്താൽ പ്രൊമോഷൻ ലഭിക്കാതെ 2014 -ൽ ഈ വകുപ്പിൽ നിന്നും ആരും പിരിഞ്ഞു പോയിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
855/17

LIBRARY ARCHIVES Kerala Legislative Assembly